I ഇ.ബി. XIII – കേരള നിയമസഭ/VI -10

# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

# നിയമസഭാ നടപടികൾ - സംഗ്രഹം

# (ചോദ്യോത്തരങ്ങൾ ഒഴികെ)

2012 ഡിസംബർ 21, വെള്ളി

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. ജി. കാർത്തികേയന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(രാവിലെ 8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

**അടിയന്തര പ്രമേയം**

പബ്ലിക് എക്സ്പെന്റീച്ചർ റിവ്യു കമ്മിറ്റി റിപ്പോർട്ട്

മി. സ്പീക്കർ : നിയമസഭയിൽ സമർപ്പിക്കപ്പെട്ട പബ്ലിക് എക്സ്പെന്റീച്ചർ റിവ്യൂ കമ്മിറ്റി റിപ്പോർട്ടിൽ ഒട്ടേറെ ജനവിരുദ്ധ ശുപാർശകൾ ഉൾപ്പെട്ടിരിക്കുന്നതുമൂലം ഉളവായിട്ടുള്ളതായി പറയപ്പെടുന്ന സ്ഥിതിവിശേഷം സഭാ നടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ എസ്. ശർമ്മ, വി.എസ്. സുനിൽ കുമാർ, ജോസ് തെറ്റയിൽ, എ.എ.അസീസ്, തോമസ് ചാണ്ടി എന്നീ അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) : 2003 -ലെ കേരള ഫിസ്ക്കൽ റെസ്പോൺസിബിലിറ്റി ആക്ട് -2 -ലെ വ്യവസ്ഥകൾ പ്രകാരം ധനകാര്യ

വകുപ്പുമന്ത്രിയും പ്രതിപക്ഷനേതാവും മുഖ്യമന്ത്രിയുമടങ്ങുന്ന കമ്മിറ്റി നിയോഗിച്ച കേരള പബ്ലിക് എക്സ്പെന്റീച്ചർ റിവ്യു കമ്മിറ്റി, ഒരു റിവ്യൂ കമ്മിറ്റി മാത്രമാണ്. റെക്കമെന്റേഷൻ നൽകാൻവേണ്ടി കമ്മിറ്റിയെ ചുമതല പ്പെടുത്തിയിട്ടില്ല. 2010-11 വർഷത്തെ ഗവൺമെന്റിന്റെ വരവും ചെലവും നിരീ ക്ഷിച്ചശേഷം സമർപ്പിച്ച റിപ്പോർട്ടാണിത്. ഇത് സംബന്ധിച്ച് ഒരു ആശ ങ്കയ്ക്കും ഇടയില്ല. ഈ റിപ്പോർട്ടിൽ പ്ലാൻ എക്സ്പെന്റീച്ചർ വർദ്ധിപ്പിക്കുന്ന തിന് കഴിഞ്ഞ ഗവൺമെന്റ് സ്വീകരിച്ച നല്ല കാര്യങ്ങൾ എടുത്തുപറയുകയും പുതിയ നിർദ്ദേശങ്ങൾ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. സംസ്ഥാനത്തിന് അനുയോജ്യമെന്ന് ബോദ്ധ്യമുള്ളവ സ്വീകരിക്കുകയും അല്ലാത്തവ തള്ളിക്ക ളയുകയും ചെയ്യും.

<u>ശ്രീ. എസ്. ശർമ്മ</u> : റെക്കമെന്റേഷൻ അല്ലെന്നും റിവ്യൂ മാത്രമാ ണെന്നും പറയുന്ന റിപ്പോർട്ടിൽ ശമ്പള പരിഷ്കരണം പത്തുവർഷത്തിൽ ഒരി ക്കലാക്കുക, സർക്കാരിന്റെ വിവിധ ജോലികൾ ഔട്ട്സോഴ്സ് ചെയ്യുക, ക്ഷേമ പെൻഷനുകൾ ബാങ്ക് വഴി വിതരണം നടത്തുക, സബ്സിഡി പുന:പരിശോധിക്കുക, പദ്ധതി തയ്യാറാക്കുന്നതുൾപ്പെടെ പുറം കരാറേൽപ്പി ക്കുക, പങ്കാളിത്ത പെൻഷൻ ത്വരിതപ്പെടുത്തുക, എന്നിങ്ങനെ പ്രധാനപ്പെട്ട 35-ഓളം ശുപാർശകളാണ് വന്നിരിക്കുന്നത്. സർക്കാർ സർവ്വീസിൽ താഴെ ത്തട്ടിലെ തസ്തികകൾ ഔട്ട്സോഴ്സ് ചെയ്യാൻ പോകുകയാണ്. വിദേശ മൂല ധന നിക്ഷേപം റീട്ടെയിൽ മേഖലയിൽ കൊണ്ടുവരുന്നതിനെ എതിർക്കുന്നു വെന്ന് പറയുന്ന യു.ഡി.എഫ്. പാർലമെന്റിൽ ബിൽ പാസ്സാക്കിയതിനെ അനുകൂലിച്ചത് ആഗോളവത്ക്കരണ നയത്തിന്റെ ഭാഗമായാണ്. ഒരു ഭാഗത്ത് ജനവിരുദ്ധനയങ്ങൾക്കെതിരെ പോരാടുന്നുവെന്ന് പറയുകയും മറുഭാഗത്ത് ആ നയം അടിച്ചേൽപ്പിക്കാനുള്ള ശ്രമം നടത്തുകയുമാണ് സർക്കാർ ചെയ്യു

ന്നത്. സംസ്ഥാനത്തിന്റെ പൊതുവിദ്യാഭ്യാസ രംഗത്ത് ചെലവഴിക്കുന്ന ഗ്രാന്റ് -ഇൻ-എയ്ഡ് നാഷണൽ വേസ്റ്റാണെന്ന നിലപാടും അഞ്ചുവർഷത്തിലൊരിക്കൽ നടത്തുന്ന ശമ്പള പരിഷ്കരണം സംസ്ഥാനത്തിന് ബാധ്യത വരുത്തിവയ്ക്കുന്നതാണെന്ന കണ്ടെത്തലും സംസ്ഥാന ജീവനക്കാരുടേയും അദ്ധ്യാപകരുടേയും സംഘടിതശേഷിയെ ചോദ്യം ചെയ്യുന്നവയാണ്. പങ്കാളിത്ത പെൻഷന്റെ കാര്യത്തിലുൾപ്പെടെ ഈ റിപ്പോർട്ട് തള്ളിക്കളയുമെന്ന് പറയാനുള്ള ആർജ്ജവം സർക്കാർ കാണിക്കണം. ജീവനക്കാരുടേയും അദ്ധ്യാപകരുടേയും ആനുകൂല്യങ്ങൾ വെട്ടിക്കുറയ്ക്കാനുള്ള നീക്കത്തെ അതിശക്തമായി നേരിടും. സർക്കാരിന്റെ ഈ നിലപാട് സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണം.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) : കമ്മിറ്റി റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ ഗവൺമെന്റിന്റെ പോളിസിയല്ല, ഇത് സർക്കാർ നിയോഗിച്ച കമ്മിറ്റിയുടെ. നിർദ്ദേശങ്ങൾ മാത്രമാണെന്നും ഗവൺമെന്റ് അത് പരിശോധിക്കുകയോ തീരുമാനമെടുക്കുകയോ ചെയ്തിട്ടില്ലെന്നും മുഖ്യമന്ത്രി വ്യക്തമാക്കിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാർ നിയോഗിച്ച സുബ്രഹ്മണ്യം ചെയർമാനായ കമ്മിറ്റി 2010 ജൂൺ മാസത്തിൽ ഈ സഭയിൽ വച്ച റിപ്പോർട്ടിൽ പങ്കാളിത്ത പെൻഷൻ സമ്പ്രദായം നടപ്പിലാക്കണമെന്നും 10 വർഷത്തിലൊരിക്കൽ ശമ്പളപരിഷ്ക്കരണം ഏർപ്പെടുത്തണമെന്നുമുള്ള ശുപാർശകൾ ഉണ്ടായിരുന്നു. ഇതിന്റെ പേരിൽ ഈ സർക്കാരിനെ രൂക്ഷമായി വിമർശിക്കുന്നത് ശരിയല്ല. 2010-11-വർഷത്തെ റിവ്യൂ കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലുള്ള ഏതൊക്കെ നിർദ്ദേശങ്ങൾ

സ്വീകരിക്കണമെന്നതിനെപ്പറ്റി പരിശോധിക്കുന്നതാണ്. ഇക്കാര്യത്തിൽ സുതാര്യമായി കാര്യങ്ങൾ ചെയ്യാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. ഈ വിഷയം സഭ നിറുത്തിവച്ച് ചർച്ച ചെയ്യേണ്ടതില്ല.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

(ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ വി.എസ്. അച്ചുതാനന്ദൻ, സി. ദിവാകരൻ, മാത്യു റ്റി. തോമസ്, എ.എ. അസീസ്, തോമസ് ചാണ്ടി എന്നീ പ്രതിപക്ഷ കക്ഷിനേതാക്കൾ പ്രസ്താവന നടത്തിയ ശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽനിന്ന് പുറത്തു പോകുകയും അൽപ്പസമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു.)

**ശ്രദ്ധ ക്ഷണിക്കൽ**

**(1) ഗൾഫ് മലയാളികൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ**

ശ്രീ. കെ.വി. അബ്ദുൾ ഖാദർ : കേരളത്തിന്റേയും ഇന്ത്യയുടേയും സമ്പദ്ഘടനയ്ക്ക് വൻതോതിലുള്ള സംഭാവനകൾ അർപ്പിക്കുന്ന പ്രവാസി സമൂഹത്തോട് ഭരണാധികാരികൾ കടുത്ത അനീതിയാണ് സ്വീകരിച്ചു വരുന്നത്. വിമാനടിക്കറ്റിന്മേലുള്ള നിയന്ത്രണത്തിൽ ഡയറക്ടർ ജനറൽ ഓഫ് സിവിൽ ഏവിയേഷൻ അയവുവരുത്തിയതോടെ ഗൾഫ് രാജ്യങ്ങളിലേയ്ക്കുള്ള ടിക്കറ്റ് ചാർജ്ജ് സാധാരണ പ്രവാസികൾക്ക് താങ്ങാൻ കഴിയാത്തവിധം വിമാന കമ്പനികൾ വർദ്ധിപ്പിച്ചിരിക്കുകയാണ്. നിസ്സാര കുറ്റങ്ങൾക്ക് ശിക്ഷിക്കപ്പെട്ട് ഗൾഫ് ജയിലുകളിൽ കഴിയുന്നവരുടെ പ്രശ്നങ്ങളിൽ ഇടപെടുന്നതിൽ എംബസ്സിയും വിദേശകാര്യ മന്ത്രാലയവും ദയനീയമായി പരാജയപ്പെട്ടിരിക്കുകയാണ്. പ്രവാസി മലയാളികൾക്ക് നിയമ സഹായം ഉറപ്പാക്കുന്നതിനും ഗൾഫ് രാജ്യങ്ങളിൽവച്ച് മരണമടയുന്ന മലയാളികളുടെ മൃതദേഹം നാട്ടിലെത്തിക്കുന്നതിനും ഫലപ്രദമായ

യാതൊരു നടപടിയും ഗവൺമെന്റ് സ്വീകരിക്കുന്നില്ല. ഗൾഫ് മലയാളികളുടെ പ്രശ്നങ്ങളിൽ കേന്ദ്ര ഗവൺമെന്റ് ഫലപ്രദമായി ഇടപെടാനും സമഗ്രമായ കുടിയേറ്റ നിയമം നടപ്പിലാക്കാനും സംസ്ഥാന ഗവൺമെന്റ് മുൻകയ്യെടുക്കണം. ജനുവരി മാസത്തിൽ കേരളത്തിൽവച്ച് 'പ്രവാസി ഭാരതീയ ദിവസ്' ആചരിക്കുന്ന അവസരത്തിൽ ഗൾഫ് രാജ്യങ്ങളിൽ പ്രവർത്തിക്കുന്ന മലയാളി സംഘടനാ പ്രതിനിധികളെയും തിരിച്ചുവന്ന ഗൾഫ് മലയാളികളുടെ പ്രതിനിധികളെയും പങ്കെടുപ്പിക്കണം.

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി <u>(ശ്രീ. കെ. സി. ജോസഫ്)</u>: കേരളത്തിന്റെ സമൃദ്ധിക്കും അഭിവൃദ്ധിക്കും നാം കടപ്പെട്ടിരിക്കുന്നത് ഗൾഫ് മലയാളികളോടാണ്. കാർഷിക-വ്യാവസായിക മേഖലകൾ തകർച്ചയെ അഭിമുഖീകരിച്ചപ്പോൾ അതിൽനിന്നെല്ലാം മോചനമുണ്ടായത് ഗൾഫ് മലയാളികളുടെ കഠിനാദ്ധ്വാനത്തിന്റെ ഫലമായാണെന്ന കാര്യം വിസ്മരിക്കാൻ കഴിയില്ല. ഗൾഫ് മലയാളികൾ കോടിക്കണക്കിന് രൂപയുടെ നിക്ഷേപമാണ് കേരളത്തിലേയ്ക്ക് കൊണ്ടുവരുന്നത്. ഇന്ത്യയിലാദ്യമായി പ്രവാസി ക്ഷേമ വകുപ്പ് ആരംഭിച്ചത് കേരളത്തിലാണ്. അതിന്റെ ചുവടുപിടിച്ച് കേന്ദ്ര സർക്കാരും പ്രവാസി ക്ഷേമ വകുപ്പിന് രൂപം നൽകുകയുണ്ടായി. പ്രവാസി ക്ഷേമത്തിനുവേണ്ടി നിയമസഭാ സമിതി രൂപീകരിച്ചതും കേരളത്തിലാണ്. ഗൾഫ് മലയാളി സമൂഹത്തോട് കേരളം ഭരിച്ച ഗവൺമെന്റുകൾക്കുള്ള ഉത്ക്കണ്ഠയാണ് ഈ നടപടികൾക്കെല്ലാം ആധാരമായിട്ടുള്ളത്. ഏറ്റവും പ്രധാനപ്പെട്ട സീസണിൽ എയർ ഇന്ത്യ സമരം നടത്തുകയും ഗൾഫ് സർവ്വീസുകൾ ക്യാൻസൽ ചെയ്യുകയും ചാർജ്ജ് വർദ്ധനവ് നടപ്പിലാക്കുകയും

ചെയ്തത് പൊറുക്കാൻ കഴിയുന്നതല്ല. പ്രധാനമന്ത്രിയുടെ സന്ദർശനവേളയിലും ഗൾഫ് മലയാളികളുടെ ക്ഷേമകാര്യങ്ങൾ സംബന്ധിച്ച് സൂചിപ്പിക്കുകയുണ്ടായി. യാത്രാക്ലേശം പരിഹരിക്കുന്നതിന് എയർ കേരള-യെക്കുറിച്ച് ഗവൺമെന്റ് ആലോചിച്ചുക്കൊണ്ടിരിക്കുകയാണ്. ഗൾഫ് നാടുകളിൽ ജയിലിൽ കഴിയുന്ന ആളുകൾക്ക് ഇന്ത്യൻ എംബസ്സിവഴി നിയമസഹായം നൽകുന്നുണ്ട്. പ്രധാനപ്പെട്ട ഗൾഫ് മലയാളി സംഘടനകളുടെ പങ്കാളിത്തമുള്ള നോർക്ക അഡ്വൈസറി കമ്മിറ്റികൾ രൂപീകരിച്ച് ഗൾഫിലെ പ്രവാസി മലയാളി സമൂഹത്തിന് നിയമസഹായം നൽകുന്ന കാര്യം ആലോചിച്ചുവരികയാണ്. ഇന്ത്യൻ എംബസ്സികളിൽ മലയാളമറിയാവുന്ന ഉദ്യോഗസ്ഥരെ നിയമിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. 2013 ജനുവരി 7, 8, 9 തീയതികളിൽ നടക്കുന്ന പ്രവാസി ഭാരതീയ ദിവസ് സമ്മേളനത്തിൽ ഗൾഫ് മലയാളികളുടെ ആവശ്യങ്ങൾ സംബന്ധിച്ച് ചർച്ച ചെയ്ത് പരിഹാരം കാണാനുള്ള ശ്രമങ്ങളുണ്ടാകും. ഗൾഫ് മലയാളികളുടെ പ്രശ്നത്തിൽ നോർക്ക വകുപ്പ് സജീവമായി ഇടപെടുന്നുണ്ട്.

(2) **പമ്പാ ആക്ഷൻ പ്ലാൻ നടപ്പിലാക്കേണ്ടതിന്റെ ആവശ്യകത**

ശ്രീ. കെ. ശിവദാസൻ നായർ : പമ്പാ നദിയുടെ സംരക്ഷണത്തിനായി കൊണ്ടുവന്ന പമ്പാ ആക്ഷൻ പ്ലാൻ കേന്ദ്ര ഗവൺമെന്റ് അംഗീകരിക്കുകയും നാഷണൽ റിവർ കൺസർവേഷൻ അതോറിറ്റി വർക്ക് ഏറ്റെടുക്കുകയും ചെയ്തു. ഫണ്ടിന്റെ 70 ശതമാനം കേന്ദ്ര ഗവൺമെന്റും ബാക്കി സംസ്ഥാന ഗവൺമെന്റും വഹിക്കുന്ന ഈ പദ്ധതിക്ക് ആദ്യ ഗഡു അനുവദിച്ച് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കാൻ ഇറിഗേഷൻ വകുപ്പിലെ എഞ്ചിനീയർമാരെ നിയോഗിച്ചുവെങ്കിലും കൽക്കെട്ടുകൾ, നദിയിലെ കെട്ടുകൾ തുടങ്ങിയവ നിർമ്മിക്കണമെന്ന നിർദ്ദേശത്തെ കേന്ദ്ര ഗവൺമെന്റ് എതിർത്തു.

നദിയിലേയ്ക്ക് വരുന്ന മാലിന്യങ്ങൾ ഒഴിവാക്കുക, നദിയുടെ ഇരുവശങ്ങളിലുമുള്ള പഞ്ചായത്തുകളിൽ മാലിന്യ സംസ്ക്കരണ പ്ലാന്റുകൾ സ്ഥാപിക്കുക, പുൽമേടുകൾ വച്ചുപിടിപ്പിക്കുക തുടങ്ങിയ പ്രധാനപ്പെട്ട ആവശ്യങ്ങൾ നടപ്പാക്കിയില്ല. പമ്പാ നദിയുടെ ഇരുകരകളിലുമുള്ള മുഴുവൻ പഞ്ചായത്തുകളിലേയും മുനിസിപ്പാലിറ്റികളിലേയും കുടിവെള്ള സ്രോതസ്സായ നദിയിൽ കോളിഫോം ബാക്ടീരിയയുടെ അളവ് വളരെ കൂടുതലാണ്. ഇറിഗേഷൻ ഡിപ്പാർട്ട്മെന്റിന്റെ കീഴിലുള്ള പണികൾ നടത്തിയെങ്കിലും ദേവസ്വം ബോർഡിനെ ഏൽപ്പിച്ച സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കാൻ കഴിഞ്ഞിട്ടില്ല. റാംസർ സൈറ്റിലുൾപ്പെട്ട വേമ്പനാട്ട് കായൽ, കുട്ടനാടിന്റെ ജലസ്രോതസ്സുകളുടെ പരിശുദ്ധി എന്നിവയെല്ലാം പമ്പാ ആക്ഷൻ പ്ലാനിൽ ഉൾപ്പെട്ട പ്രധാന വിഷയങ്ങളായിരുന്നു. പമ്പാ ആക്ഷൻ പ്ലാൻ നടപ്പിലാക്കുന്നതിന് രൂപീകരിച്ച റിവർ അതോറിറ്റിയുടെ യോഗം അടിയന്തരമായി ചേരണം. പദ്ധതി നടപ്പിലാക്കുന്ന കാര്യത്തിൽ കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തി ആവശ്യമായ തുക അനുവദിപ്പിക്കാൻ കഴിയണം. ഇക്കാര്യത്തിൽ ഗവൺമെന്റ് സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികളെന്താണെന്ന് വ്യക്തമാക്കണം. പമ്പാ ആക്ഷൻ പ്ലാൻ നടപ്പിലാക്കുന്നതിന് മുഖ്യമന്ത്രി പ്രത്യേകം താൽപ്പര്യം എടുത്ത് വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ അടിയന്തിര യോഗം വിളിക്കാൻ തയ്യാറാകണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി.ജെ.ജോസഫ്): 2001-ൽ പമ്പാ ആക്ഷൻ പ്ലാൻ ബന്ധപ്പെട്ട ജില്ലകളിലെ ജനപ്രതിനിധികളേയും വകുപ്പുക ളേയും സംയോജിപ്പിച്ചുകൊണ്ടാണ് രൂപകൽപന ചെയ്തിട്ടുള്ളത്. കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന് സമർപ്പിച്ച 319.7 കോടിരൂപയുടെ പദ്ധതി യിൽ 18.45 കോടിരൂപയ്ക്കാണ് ആദ്യഘട്ട അംഗീകാരം ലഭിച്ചത്. ഇതിൽ 12 പ്രവർത്തികളാണ് ഉൾപ്പെട്ടിട്ടുള്ളത്. സന്നിധാനത്ത് അഞ്ച് എം.എൽ.ഡി. സ്വീവേജ് ട്രീറ്റുമെന്റ് പ്ലാന്റിന്റെ നിർമ്മാണവും അതുമായി ബന്ധപ്പെട്ട മറ്റുപ്ര വർത്തികളും മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തി ടെന്റർ നടപടികൾ സ്വീകരിച്ചു വരുന്നു. ശബരിമലയിലും പമ്പയിലും കക്കൂസും കുളിമുറിയും ഖരമാലിന്യസംസ്ക്കരണവും ദേവസ്വം ബോർഡ് പൂർത്തീകരിച്ചിട്ടുണ്ട്. ശബ രിമലയിലും പമ്പയിലും മൊബൈൽ കക്കൂസുകൾ പ്രായോഗികമല്ലെന്ന് പൊല്യൂഷൻ കൺട്രോൾ ബോർഡ് നിർദ്ദേശിച്ചിട്ടുണ്ട്. കാക്കത്തോടിലും ഒരുകുഴിതീർത്ഥംതോടിലും വിയറുകളുടെ നിർമ്മാണവും പി.സി.ബി.യുടെ നിർദ്ദേശംമൂലം വേണ്ടെന്ന് വച്ചിട്ടുണ്ട്. പമ്പയിൽ കുളിക്കടവ് തടയണ നിർമ്മിക്കാൻ 1.73 കോടി രൂപയുടെ പ്രവൃത്തികൾ ജലസേചന വകുപ്പ് പൂർത്തീകിരിച്ചു. ആകെ 7.68 കോടി രൂപയുടെ പണികൾ ഇതുവരെ പൂർത്തീകരിച്ചു. ആകെ 7.68 കോടി രൂപയുടെ പണികൾ ഇതുവരെ പൂർത്തീ കരിച്ചു. പമ്പാ ആക്ഷൻ പ്ലാനിന്റെ രണ്ടാം ഘട്ട പ്രവർത്തനത്തിന് ബന്ധപ്പെട്ട എല്ലാ വകുപ്പുകളേയും യോജിപ്പിച്ചുകൊണ്ട് യൂറോപ്യൻ യൂണിയന്റെ സഹാ യത്തോടെ റോഡ് മാപ്പ് തയ്യാറാക്കി സർക്കാരിന് സമർപ്പിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ . പമ്പാ റിവർ ബേസിൻ അതോറിറ്റി പ്രോജക്ട് ഡയറക്ട റുടെ മേൽനോട്ടത്തിൽ എല്ലാ വകുപ്പുകളേയും ഉൾപ്പെടുത്തി ഒരു ഓഫീസ്

സ്ഥാപിക്കുന്നതാണ്. ഇതിലേയ്ക്കായി 950 കോടി രൂപയുടെ എസ്റ്റിമേറ്റ് കേന്ദ്ര സർക്കാരിൽ സമർപ്പിച്ചിട്ടുണ്ടെങ്കിലും അനുമതി ലഭിച്ചിട്ടില്ല. പൊതുജന ബോധവൽക്കരണം, പമ്പാ നദിയുടെ ഇരുകരകളിലും തീർത്ഥാടകരുടെ സൗകര്യത്തിനായി ശൗചാലയങ്ങൾ വിശ്രമകേന്ദ്രങ്ങൾ, ഖരമാലിന്യ സംസ്ക്കരണം, എന്നിവയുൾപ്പെടെ നിരവധി പദ്ധതികളാണ് ഉൾപ്പെടുത്തിയി ട്ടുള്ളത്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി):പമ്പാ നദി മലിന രഹിതമാക്കി സംര ക്ഷിക്കാൻ കേന്ദ്ര സർക്കാരിന്റെ സഹായത്തോടെ നടപടികൾ സ്വീകരിക്കും.

**സബ്മിഷൻസ്**

**അനധികൃത ക്വാറികളുടെ നിയന്ത്രണവും തീരപരിപാലനവും**

ശ്രീ. വി.ഡി. സതീശൻ: പശ്ചിമഘട്ട മലനിരകളിൽ അനധികൃതമായി പ്രവർത്തിച്ചുവരുന്ന വൻകിട ക്വാറികളും തീരദേശമേഖലകളിൽ സി.ആർ. ഇസഡ് നിയമങ്ങളെ ലംഘിച്ചുകൊണ്ട് ബഹുനിലക്കെട്ടിടങ്ങൾ ഉയർന്നുവരു ന്നതും നിയന്ത്രിക്കാൻ നടപടികൾ സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സുപ്രീംകോടതി വിധിയുടെ അടിസ്ഥാനത്തിൽ പാറപൊട്ടിക്കൽ നിറുത്തിവച്ചിരുന്നതുമൂലം വികസന പ്രവർത്തനങ്ങൾക്ക് പാറ ലഭ്യമാകാത്ത സാഹചര്യത്തിൽ അല്പം ഇളവ് അനുവദിച്ചിട്ടുണ്ട്. നിയമവിരുദ്ധമായ പാറപൊട്ടിക്കൽ തടയുന്നതിനും തീര ദേശ പരിപാലനത്തിനും പ്രത്യേകമായി നിയമം നടപ്പിലാക്കാൻ ശ്രമിക്കുന്ന താണ്.

## നിയന്ത്രിത അവധി

ഡോ. എൻ. ജയരാജ്: മന്നത്തുപത്മനാഭന്റെ ജന്മദിനമായ ജനുവരി 2-ാം തീയതി നിയന്ത്രിതാവധിയായതിനാൽ ജില്ലാ സ്കൂൾ കലോത്സവവും ഇന്റർവ്യൂകളും നടത്താൻ പാടില്ലെന്ന് നിർദ്ദേശം നൽകാൻ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): മന്നത്തുപത്മനാഭന്റെ ജന്മദിനമായ ജനുവരി രണ്ടാം തീയതി നിയന്ത്രിത അവധി ദിനത്തിൽ പ്രസ്തുത വിഭാഗത്തിലെ സർക്കാർ ജീവനക്കാർക്കും അദ്ധ്യാപകർക്കും പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാർക്കും അവധി എടുക്കാം. രണ്ട് ജില്ലകളിൽ കലോത്സവം നടത്താൻ തീരുമാനിച്ചത് ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് മാറ്റിവയ്ക്കാൻ നിർദ്ദേശം കൊടുത്തു. പരീക്ഷകളും ഇന്റർവ്യൂകളും മാറ്റിവയ്ക്കാനും വ്യക്തമായ നിർദ്ദേശം നൽകുന്നതാണ്.

## കാസർഗോഡ് ജില്ലയുടെ പിന്നോക്കാവസ്ഥ

ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ): കാസർഗോഡ് ജില്ലയുടെ പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിന് നിർദ്ദേശങ്ങൾ സമർപ്പിക്കാൻ നിയോഗിച്ച പ്രഭാകരൻ കമ്മീഷൻ റിപ്പോർട്ട് നടപ്പിലാക്കുന്നതിനാവശ്യമായ തുക ബഡ്ജറ്റിൽ വകയിരുത്താനും ശുപാർശകൾ നടപ്പിലാക്കാൻ കമ്മീഷനെ ചുമതലപ്പെടുത്താനും മുൻഗണനാ അടിസ്ഥാനത്തിൽ പ്രവർത്തനം നടത്താൻ ജില്ലയിലെ ജനപ്രതിനിധികൾ, ജില്ലാതല ഉദ്യോഗസ്ഥർ എന്നിവരുടെ യോഗം വിളിക്കാനും നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): പ്രഭാകരൻ കമ്മിറ്റി റിപ്പോർട്ടിലെ ശുപാർശകൾ നടപ്പിലാക്കുന്നത് സംബന്ധിച്ച് പ്ലാനിംഗ് ബോർഡിന്റെ അഭിപ്രായം ലഭ്യമായശേഷം തുടർ നടപടികൾ സ്വീകരിക്കും.

## ആൾട്ടർനേറ്റീവ് സ്കൂളുകളിലെ അദ്ധ്യാപകരും വിദ്യാർത്ഥികളും നേരിടുന്ന പ്രശ്നങ്ങൾ

ശ്രീ. പി.കെ. ബഷീർ: സംസ്ഥാനത്തെ ആൾട്ടർനേറ്റീവ് സ്കൂളുകളിലെ അദ്ധ്യാപകരുടെ ശമ്പളം വർദ്ധിപ്പിക്കുന്നതിനും കുട്ടികൾക്ക് സൗജന്യ യൂണിഫോം വിതരണം ചെയ്യുന്നതിനും പ്രസ്തുത സ്കൂളുകൾ എൽ.പി. സ്കൂളുകളാക്കി ഉയർത്തുമ്പോൾ അവിടെ പ്രവർത്തിക്കുന്ന അദ്ധ്യാപകരെ സ്ഥിരം ജീവനക്കാരായി നിയമിക്കുന്നതിനും നടപടികൾ സ്വീകരിക്കണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്): സർവ്വശിക്ഷാ അഭിയാന്റെ കീഴിലുള്ള ആൾട്ടർനേറ്റീവ് സ്കൂളുകൾക്ക് എസ്.എസ്.എ. ധന സഹായം നൽകേണ്ടതില്ലെന്ന് തീരുമാനിച്ചതിന്റെയടിസ്ഥാനത്തിൽ 2012 ഏപ്രിൽ മാസം മുതൽ സംസ്ഥാന ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുണ്ട്. ഇത്തരം സ്കൂളുകളിലെ അധ്യാപകർക്ക് പ്രതിമാസം ഓണറേറിയമായി 3,000 രൂപയും ഹിൽ ട്രാക്റ്റ് അലവൻസായി 500 രൂപയും നൽകുന്നുണ്ട്. 2012-13 വർഷത്തെ ഓണറേറിയവും ഫെസ്റ്റിവൽ അലവൻസും കൊടുത്തിട്ടുണ്ട്. ബഹുമാനപ്പെട്ട ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ സ്വന്തമായി ഭൂമിയും കെട്ടിടങ്ങളുമുള്ള ഇത്തരം സ്കൂളുകളെ സർക്കാർ സ്കൂളുകളാക്കുമ്പോൾ അധ്യാപകരുടെ വിദ്യാഭ്യാസ യോഗ്യതയുടേയും പ്രവൃത്തി പരിചയത്തിന്റേയും അടിസ്ഥാനത്തിൽ വിദ്യാഭ്യാസ വകുപ്പിന്റെ പ്രീപ്രൈമറി തലം ഉൾപ്പെടെയുള്ള ഒഴിവുകളിലേയ്ക്ക് പരിഗണിക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

## <u>ആർ.എം.എസ്.എ. പ്രകാരം അപ്ഗ്രേഡ് ചെയ്ത സ്കൂളുകളിൽ ഇംഗ്ലീഷ് അധ്യാപക തസ്തിക</u>

<u>ശ്രീ. ഇ. ചന്ദ്രശേഖരൻ:</u> കാസർഗോഡ് ജില്ലയിൽ ആർ.എം.എസ്.എ. പ്രകാരം അപ്ഗ്രേഡ് ചെയ്ത സ്കൂളുകൾക്കാവശ്യമായ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനും ഇംഗ്ലീഷ് അധ്യാപകരെ നിയമിക്കുന്നതിനുമാവശ്യമായ നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (<u>ശ്രീ. പി. കെ. അബ്ദു റബ്ബ്):</u> രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ പദ്ധതി പ്രകാരം അപ്ഗ്രേഡ് ചെയ്ത സ്കൂളുക ളിൽ രണ്ട് ഭാഷാ അധ്യാപകരും മൂന്ന് വിഷയാധ്യാപകരും ഉൾപ്പെടെ അഞ്ച് അധ്യാപക തസ്തികകളാണ് എം.എച്ച്.ആർ.ഡി. അനുവദിച്ചിട്ടുള്ളത്. അധിക അധ്യാപക തസ്തിക സൃഷ്ടിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാ ണ്. ഈ സ്കൂളുകളുടെ കെട്ടിട നിർമ്മാണത്തിനായി തുക വകയിരുത്തിയി ട്ടുണ്ട്. കെട്ടിട നിർമ്മാണം പൂർത്തിയാക്കുന്നതിന് വേണ്ടിവരുന്ന അധിക തുക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി കണ്ടെത്തുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

## <u>ചേർത്തല പോളിടെക്നിക്</u>

<u>ശ്രീ. പി. തിലോത്തമൻ:</u> ചേർത്തല ഗവൺമെന്റ് പോളിടെക്നിക്കിൽ മെക്കാനിക്കൽ/കമ്പ്യൂട്ടർ എഞ്ചിനീയറിംഗ് കോഴ്സുകൾ ആരംഭിക്കുന്നതിനാ വശ്യമായ നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (<u>ശ്രീ. പി. കെ. അബ്ദു റബ്ബ്):</u> ചേർത്തല ഗവൺമെന്റ് പോളിടെക്നിക്കിൽ മെക്കാനിക്കൽ/കമ്പ്യൂട്ടർ എഞ്ചിനീയറിംഗ് കോഴ്സുകൾ ആരംഭിക്കുന്നതിനാവശ്യമായ സൗകര്യങ്ങളുണ്ടെന്ന് ടെക്നി ക്കൽ എഡ്യൂക്കേഷൻ ഡയറക്ടർ റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ

പ്രസ്തുത കോഴ്സുകൾക്ക് അംഗീകാരം നൽകണമെന്നാവശ്യപ്പെട്ടുകൊണ്ട് എ.ഐ.സി.റ്റി.ഇ.ക്ക് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. അംഗീകാരം ലഭിച്ചാലുടൻ പ്രസ്തുത കോഴ്സുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

## നാഷണൽ ഇൻവെസ്റ്റിഗേഷൻ ഏജൻസി

ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ): കാസർഗോഡ് ജില്ലയിൽ വ്യാപകമായിക്കൊണ്ടിരിക്കുന്ന കള്ളനോട്ട് അച്ചടിയും വിതരണവും തടയുന്നതിന് നാഷണൽ ഇൻവെസ്റ്റിഗേഷൻ ഏജൻസിയെ അന്വേഷണച്ചുമതല ഏൽപ്പിക്കുന്നതിന് നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): കള്ളനോട്ടുമായി ബന്ധപ്പെട്ട് ഹോസ്ദുർഗ്, ചെന്തേര പോലീസ് സ്റ്റേഷനുകളിൽ രജിസ്റ്റർ ചെയ്ത കേസുകളിലെ പ്രതികളെ അറസ്റ്റ് ചെയ്യുകയും കേസ് ക്രൈംബ്രാഞ്ച് അന്വേഷിച്ചുവരികയുമാണ്. ഈ കേസുകളുടെ ഇൻവെസ്റ്റിഗേഷൻ നാഷണൽ ഇൻവെസ്റ്റിഗേഷൻ ഏജൻസിക്ക് കൈമാറണമെന്നാവശ്യപ്പെട്ടുകൊണ്ട് സംസ്ഥാന പോലീസ് മേധാവി സമർപ്പിച്ച ശുപാർശയിന്മേൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

## ആദിവാസി യുവതിയെ കയ്യേറ്റം ചെയ്ത സംഭവം

ശ്രീ. ഇ.കെ. വിജയൻ: നാദാപുരം മണ്ഡലത്തിൽ ആദിവാസി യുവതിയെ കയ്യേറ്റം ചെയ്തതിനെക്കുറിച്ച് അന്വേഷിച്ച് നടപടി സ്വീകരിക്കണം. ഇത്തരം കയ്യേറ്റങ്ങൾ ആവർത്തിക്കാതിരിക്കാൻ പോലീസും യുവജന സംഘടനകളും ചേർന്ന് കോളനിയടിസ്ഥാനത്തിൽ ജാഗ്രതാ സമിതികൾ രൂപീകരിക്കാനും നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): കോഴിക്കോട് വളയം പോലീസ് സ്റ്റേഷൻ അതിർത്തിയി

ലുള്ള ആദിവാസി കോളനിയിലെ സ്ത്രീക്കുനേരെയുണ്ടായ കയ്യേറ്റത്തിനെ തിരെയും കയ്യേറ്റത്തെ എതിർത്തവരെ പ്രതിയും സംഘവും ചേർന്ന് ജാതിപ്പേര് വിളിച്ച് ആക്ഷേപിക്കുകയും ദേഹോപദ്രവമേൽപ്പിക്കുകയും ചെയ്തതതിനെതിരെയും കേസുകൾ രജിസ്റ്റർ ചെയ്ത് വടകര ഡിവൈ.എസ്. പി. അന്വേഷിച്ച് വരികയാണ്. . ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരി ക്കാനായി വിമൻ ഇൻവെസ്റ്റിഗേഷൻ ടീം (ഡബ്ല്യു.ഐ.ടി.) എന്ന സ്പെഷ്യൽ ടീമിനെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

<u>വെട്ടം കുടിവെള്ള പദ്ധതി</u>

<u>ശ്രീ. സി മമ്മൂട്ടി</u>: കടലോരമേഖലയിലുള്ള വെട്ടം, തലക്കാട്, വളവ ന്നൂർ തുടങ്ങിയ പഞ്ചായത്തുകളിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് വെട്ടം കുടിവെള്ള പദ്ധതിയുടെ പണി ആരംഭിക്കുന്നതിനാവശ്യമായ നടപടി കൾ സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (<u>ശ്രീ. പി.ജെ ജോസഫ്</u>): 78.4 കോടി രൂപ യുടെ വെട്ടം പദ്ധതിക്ക് എഞ്ചീനിയറിംഗ് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയി രുന്നുവെങ്കിലും നബാർഡിന്റെ സാമ്പത്തിക സഹായം ലഭ്യമാകാത്തതിനാൽ വെട്ടം, കൽപ്പകഞ്ചേരി, വളവന്നൂർ, തലക്കാട് എന്നീ പഞ്ചായത്തുകളെ മാത്രം ഉൾപ്പെടുത്തി പ്രോജക്ട് റിവൈസ് ചെയ്ത് നൽകുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് പദ്ധതി നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്.

<u>ആർക്കിടെക്ച്ചറൽ വിംഗ്</u>

<u>ശ്രീ. കെ. ദാസൻ</u>: പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ കോഴിക്കോട് കേന്ദ്രീകരിച്ച് ആർക്കിടെക്ച്ചറൽ വിംഗ് ആരംഭിക്കുന്നതിന് നടപടി സ്വീകരി ക്കണം.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള സ്ട്രക്ച്ചറൽ ഡിസൈൻ വിഭാഗത്തിന്റെ ജോലിഭാരം കണക്കിലെടുത്ത് കോഴിക്കോടും എറണാകുളത്തും മേഖലാ ഓഫീസുകൾ തുടങ്ങുന്ന കാര്യം പരിഗണിക്കുന്നതാണ്.

## ഇരിണാവ് പാലം

ശ്രീ. റ്റി. വി രാജേഷ്: കല്ല്യാശ്ശേരി നിയോജക മണ്ഡലത്തിൽ ഇരിണാവ് പാലം നിർമ്മിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): പാലം നിർമ്മിക്കുന്നതിന് സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് ഇരിണാവ് പാലം നിർമ്മിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

## കൊച്ചി സഹകരണ മെഡിക്കൽ കോളേജ്

ശ്രീ. ഹൈബി ഈഡൻ: കൊച്ചി സഹകരണ മെഡിക്കൽ കോളേജ് സർക്കാർ ഏറ്റെടുക്കുന്നതിനും ആവശ്യമായ ഭൗതിക സൗകര്യങ്ങൾ ഒരുക്കുന്നതിനും പ്രസ്തുത സ്ഥാപനത്തെ സെന്റർ ഓഫ് എക്സലൻസായി ഉയർത്തുന്നതിനുമാവശ്യമായ നടപടികൾ സ്വീകരിക്കണം.

സഹകരണവും ഖാദിഗ്രാമവ്യവസായവും മലിനീകരണനിയന്ത്രണവും വകുപ്പുമന്ത്രി (ശ്രീ. സി. എൻ. ബാലകൃഷ്ണൻ): എറണാകുളം ജില്ലയിൽ സർക്കാർ മെഡിക്കൽ കോളേജുകൾ ഇല്ലാത്ത സാഹചര്യത്തിൽ കൊച്ചി സഹകരണ മെഡിക്കൽ കോളേജ് ഏറ്റെടുക്കുന്നതുസംബന്ധിച്ച് ആലോചിച്ചുവരുന്നു.

## കേരള മുനിസിപ്പൽ ബിൽഡിംഗ് റൂൾസ്

ശ്രീ. എം.പി. വിൻസെന്റ്: കേരള ബിൽഡിംഗ് റൂൾസിൽ ഇളവുകൾ നൽകിക്കൊണ്ട് സമൂലമായ മാറ്റം വരുത്താനാവശ്യമായ നടപടി സ്വീകരിക്കണം.

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): മൂന്ന് സെന്റ് വരെയുള്ള പ്ലോട്ടുകളിൽ വീടുവയ്ക്കുമ്പോഴുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഗണിച്ച് കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ ചില ഇളവുകൾ വരുത്തിയിട്ടുണ്ട്. . നിലവിലുള്ള നിയമപ്രകാരം കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ ഇളവ് അനുവദിക്കുന്നതിനുള്ള അധികാരം സർക്കാരിനില്ലാത്തതിനാൽ അവ പരിഷ്കരിക്കുന്ന കാര്യം പരിഗണനയിലാണ്.

## പ്രീ-മെട്രിക് സ്കോളർഷിപ്പ്

ശ്രീ. ടി.എൻ. പ്രതാപൻ: ഒ.ബി.സി.- പ്രീ-മെട്രിക് സ്കോളർഷിപ്പ് പൂർണ്ണമായും നടപ്പിലാക്കുന്നതിനും പിന്നോക്ക സമുദായ ക്ഷേമവകുപ്പിന് പ്ലാനിംഗ് ബോർഡിൽ വർക്കിംഗ് ഗ്രൂപ്പ് രൂപീകരിക്കുന്നതിനും നടപടികൾ സ്വീകരിക്കണം.

പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ.പി. അനിൽ കുമാർ): പിന്നോക്ക സമുദായ ക്ഷേമവകുപ്പ് രൂപീകരിക്കുകയും ഡയറക്ട്രേറ്റിൽ തസ്തികകൾ ഉണ്ടാക്കി നിയമനം നടത്തുകയും അഞ്ചര ലക്ഷത്തോളം കുട്ടികൾക്ക് പ്രീ-മെട്രിക് സ്കോളർഷിപ്പ് നൽകുകയും ചെയ്തിട്ടുണ്ട്. വർക്കിംഗ് ഗ്രൂപ്പ് രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**മേശപ്പുറത്തുവച്ച കടലാസ്സുകൾ**

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള കടലാസ്സുകൾ മേശപ്പുറത്തുവച്ചു.

**അനൗദ്യോഗികാംഗങ്ങളുടെ കാര്യം**

(1) അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ പതിനൊന്നാമത് റിപ്പോർട്ട് പരിഗണന

അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ പതിനൊന്നാമത് റിപ്പോർട്ട് സഭ അംഗീകരിച്ചു.

(2) സാമാന്യമായി പൊതുതാൽപര്യമുള്ള സംഗതികൾ സംബന്ധിച്ച പ്രമേയങ്ങൾ

ഭക്ഷ്യധാന്യവിഹിതം പുന:സ്ഥാപിക്കൽ

ശ്രീ. വി.എസ്. സുനിൽ കുമാർ: "1964 മുതൽ കേരളത്തിന് ലഭ്യമായിക്കൊണ്ടിരുന്ന ഭക്ഷ്യധാന്യ വിഹിതത്തിൽ 1992-നുശേഷം കേന്ദ്രം ഗണ്യമായ കുറവ് വരുത്തിയിട്ടുണ്ട്. അരിയും ഗോതമ്പും അടക്കമുള്ള ഭക്ഷ്യധാന്യങ്ങൾ ആളോഹരി അടിസ്ഥാനത്തിൽ ലഭിച്ചിരുന്ന സ്ഥാനത്ത് ലക്ഷ്യ കേന്ദ്രീകൃത റേഷനിംഗ് നടപ്പാക്കിയപ്പോൾ കേരളത്തിന് അർഹമായ ഭക്ഷ്യധാന്യവിഹിതം കേന്ദ്രം വീണ്ടും വെട്ടിക്കുറച്ചു. 2006 വരെ പ്രതിവർഷം 13.92 ലക്ഷം ടൺ അരി അനുവദിച്ചിരുന്ന സ്ഥാനത്ത് കേന്ദ്രം അത് അനുക്രമമായി വെട്ടിക്കുറച്ച് ഇപ്പോൾ പ്രതിമാസം 36000 ടൺ മാത്രമാണ് അനുവദിക്കുന്നത്. സംസ്ഥാനത്തിന് പ്രതിവർഷം 42 ലക്ഷം ടൺ അരി ആവശ്യമുണ്ട്. എന്നാൽ ഇവിടെ ഉൽപാദിപ്പിക്കുന്ന അരി രണ്ട് മാസത്തേയ്ക്കുപോലും തികയുന്നുമില്ല. കേരളത്തിന് നൽകിവന്നിരുന്ന ഭക്ഷ്യധാന്യവിഹിതം പുന:സ്ഥാപിച്ചാൽ

മാത്രമേ ഈ പ്രതിസന്ധി പരിഹരിക്കാനാവൂ. അതീവ ഗുരുതരമായ ഭക്ഷ്യ ക്ഷാമവും വിലക്കയറ്റവുംമൂലം ജനജീവിതം ദു:സ്സഹമായിരിക്കുന്ന സാഹച ര്യത്തിൽ, ഭക്ഷ്യധാന്യങ്ങളുടെ സബ്സിഡി പണമായി ബാങ്ക്വഴി വിതരണം ചെയ്യാനുള്ള തീരുമാനംകൂടി വരുന്നതോടെ ഭക്ഷ്യധാന്യ വില ഇനിയും ഉയ രാൻ ഇടവരുന്നതാണ്. ആയതിനാൽ, 2006 വരെ കേരളത്തിന് ലഭിച്ചിരുന്ന 13.92 ലക്ഷം ടൺ ഭക്ഷ്യധാന്യ വിഹിതം അടിയന്തിരമായി പുന:സ്ഥാപിക്കണ മെന്നും ഭക്ഷ്യധാന്യത്തിനുള്ള സബ്സിഡി പണമായി ബാങ്കുവഴി വിതരണം ചെയ്യാനുള്ള തീരുമാനം പിൻവലിക്കണമെന്നും ഈ സഭ കേന്ദ്ര-സംസ്ഥാന സർക്കാരുകളോട് ആവശ്യപ്പെടുന്നു" എന്ന പ്രമേയം അവതരിപ്പിക്കുന്നു.

<u>ശ്രീ. സാജു പോൾ:</u> പ്രമേയത്തെ പിന്താങ്ങുന്നു.

<u>ശ്രീ. വി.എസ്. സുനിൽ കുമാർ:</u> കേരളത്തിന്റെ റേഷൻ വിഹിതം കേന്ദ്ര സർക്കാർ പ്രതിമാസം 36000 ടണ്ണായി വെട്ടിക്കുറിച്ചിരിക്കുന്ന നടപടി ജനദ്രോഹകരമാണ്. അരി വില കുറയ്ക്കാനുള്ള ശ്രമങ്ങൾ പരാജയപ്പെടുക യാണ്. മാർക്കറ്റിലിടപെടാനുള്ള സർക്കാർ സംവിധാനം ശക്തിപ്പെടു ത്താത്തതുകാരണം, പൊതു വിതരണ രംഗമാകെ തകരാറിലായിരിക്കുകയാ ണ്. ആളോഹരി അടിസ്ഥാനത്തിൽ അരി വിഹിതം ലഭിച്ചുകൊണ്ടിരുന്നത് അവസാനിപ്പിച്ച് ലക്ഷ്യ കേന്ദ്രീകൃത റേഷൻ സംവിധാനമാണ് പുത്തൻ സാമ്പ ത്തിക നയത്തിന്റെ ഫലമായി നടപ്പിലാക്കിയിരിക്കുന്നത്. ഭക്ഷ്യധാന്യ വിതര ണത്തിലും വെട്ടിക്കുറവ് വരുത്തിയിട്ടുണ്ട്. കേരളത്തിനാവശ്യമായ ഭക്ഷ്യ ധാന്യം കേന്ദ്രം നൽകുമെന്നും നാണ്യവിളകളുടെ ഉത്പാദനത്തിലേയ്ക്ക് മാറ ണമെന്നുമുള്ള കേന്ദ്ര നിർദ്ദേശമനുസരിച്ച് കേരളത്തിന് അരി തരാനുള്ള ബാദ്ധ്യത കേന്ദ്ര സർക്കാരിനുണ്ടെങ്കിലും അത് പാലിക്കപ്പെടുന്നില്ല. കേരള

ത്തിൽ സ്റ്റാറ്റ്യൂട്ടറി റേഷൻ സംവിധാനം തുടരുന്നതിനെക്കുറിച്ച് ആലോചിക്കണം. സ്വകാര്യ സംരംഭകരുടെ കൈകളിൽ ഭക്ഷ്യധാന്യങ്ങളുടെ സ്റ്റോക്കെത്തിക്കുന്ന കേന്ദ്ര സർക്കാർ നയം കണ്ടില്ലെന്ന് നടിക്കരുത്. ഭക്ഷ്യധാന്യങ്ങളുടെ സബ്സിഡി ബാങ്കുവഴി നൽകുന്നത് വിലക്കയറ്റം തടയാൻ പര്യാപ്തമല്ല. പൊതുവിതരണ സമ്പ്രദായം ശക്തിപ്പെടുത്തണം. . കേരളത്തിന് ലഭ്യമായിരുന്ന 13 ലക്ഷം ടൺ അരി വിഹിതം പുന:സ്ഥാപിക്കാൻ കക്ഷിരാഷ്ട്രീയ ഭേദമെന്യേ ഒറ്റക്കെട്ടായി നിലകൊള്ളണം.

<u>ശ്രീ. ഇ. ചന്ദ്രശേഖരൻ:</u> പ്രമേയത്തെ പിന്താങ്ങുന്നു. കേന്ദ്ര ഗവണ്മെന്റ് തുടരുന്ന ജനദ്രോഹനയത്തിന്റെ ഫലമായി സ്റ്റാറ്റ്യൂട്ടറി റേഷൻ സമ്പ്രദായം താറുമാറായിരിക്കുകയാണ്. പൊതു വിപണിയിൽ അരിയുടെ വില കിലോഗ്രാമിന് അമ്പതു രൂപയായിരിക്കുന്ന സാഹചര്യത്തിൽ അരിഭക്ഷണം മാത്രം കഴിക്കുന്ന കേരളീയർക്ക് കേന്ദ്രം നൽകുന്നത് 36000 ടൺ അരി മാത്രമാണ്.
സംസ്ഥാനത്ത് നിലനിൽക്കുന്ന അതീവ ഗുരുതരമായ ഭക്ഷ്യക്ഷാമവും വിലക്കയറ്റവുംമൂലം ജനജീവിതം ദുസ്സഹമായിരിക്കുന്ന സഹചര്യം സഭ ഏകകണ്ഠമായി കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തണമെന്ന് അഭ്യർത്ഥിക്കുകയാണ്.

<u>ശ്രീ. ബെന്നി ബെഹനാൻ</u> : ആദ്യത്തെ ഖണ്ഡിക ഒഴിവാക്കുകയും രണ്ടാമത്തെ ഖണ്ഡികയിലെ “ആയതിനാൽ, 2006 വരെ കേരളത്തിന് ലഭിച്ചിരുന്ന 13.92 ലക്ഷം ടൺ ഭക്ഷ്യധാന്യവിഹിതം അടിയന്തരമായി പുനഃസ്ഥാപിക്കണമെന്നും” എന്നീ വാക്കുകൾക്ക് പകരം “സംസ്ഥാനത്തിന് ആവശ്യമുള്ള ഭക്ഷ്യധാന്യം അനുവദിക്കണമെന്നും” എന്നീ വാക്കുകൾ ചേർക്കുക എന്ന ഭേദഗതി അവതരിപ്പിക്കുന്നു. പബ്ലിക് ഡിസ്ട്രിബ്യൂഷൻ

സിസ്റ്റത്തിലൂടെ റേഷൻ അരി വിതരണം കാര്യക്ഷമമായിട്ടാണ് നടക്കുന്നത്. 2006 –ൽ 13 ലക്ഷം ടൺ അരി കേന്ദ്രം അനുവദിച്ചപ്പോൾ സംസ്ഥാനം എടുത്തത് 49,000 ടൺ അരി മാത്രമാണ്. കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റ് നെല്ല് സംഭരിച്ച് കുത്തി അരിയാക്കി പബ്ലിക് ഡിസ്ട്രിബ്യൂഷൻ സിസ്റ്റത്തിലൂടെ വിതരണം ചെയ്യാൻ എം.ഒ.യു. ഒപ്പിട്ടതിനുശേഷം അധികാരത്തിൽ വന്ന എൽ.ഡി.എഫ്. ഗവൺമെന്റ് പി.ഡി.എസ്.ൽ കൊടുക്കാതെ മറിച്ചുവിറ്റത് വിമർശനാത്മകമാണ്. പൊതു വിപണിയിൽ വില നിയന്ത്രിക്കുന്നതിനുവേണ്ടി സിവിൽ സപ്ലൈസ് കോർപ്പറേഷനിലൂടെ നിത്യോപയോഗ സാധനങ്ങൾ വിതരണം ചെയ്യുന്നതിന് നൽകുന്ന തുക വർദ്ധിപ്പിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. പൂഴ്ത്തിവയ്പിനും കരിഞ്ചന്തയ്ക്കുമെതിരെ നടപടി സ്വീകരിക്കാൻ കഴിഞ്ഞത് സ്വാഗതാർഹമാണ്. പാവപ്പെട്ടവന്റെ കൈകളിൽ സബ്സിഡി തുക എത്തുന്നതിന് മൊബൈൽ എ.ടി.എം. സംവിധാനം ഏർപ്പെടുത്തണം.

ശ്രീ. വി. ശിവൻകുട്ടി : "പിൻവലിക്കണമെന്നും" എന്ന വാക്കിനുശേഷം "അരിയുടെ ഉല്പാദനത്തെ പ്രതികൂലമായി ബാധിക്കുന്നതിനാൽ സംസ്ഥാനത്തെ നെൽപ്പാടങ്ങൾ നികത്തുന്നതിനെതിരെയുള്ള നിയമങ്ങൾ കർശനമായി നടപ്പിലാക്കാൻ സർക്കാർ തയ്യാറാകണമെന്നും" എന്നീ വാക്കുകൾ ചേർക്കുക എന്ന ഭേദഗതി അവതരിപ്പിക്കുന്നു.

പ്രൊഫ. സി. രവീന്ദ്രനാഥ് : പ്രമേയത്തെ അനുകൂലിക്കുന്നു. കേന്ദ്ര സർക്കാരിൽ നിന്നുള്ള അരിവിഹിതം നിരന്തരമായി കുറഞ്ഞുവരുന്നുമെന്നതിന് കണക്കുകൾ തെളിവാണ്. രാജ്യത്ത് ഭക്ഷ്യോല്പാദനവും ശേഖരണവും കൂടുന്നതിനനുസരിച്ച് വില വർദ്ധിക്കുന്നത് വിരോധാഭാസമാണ്. കേരളത്തിൽ നെല്ലുല്പാദനം കുറയുകയും ഉപഭോഗം വർദ്ധിക്കുകയും ചെയ്യുന്ന

തോടൊപ്പം നാണ്യവിളകളിൽ നിന്ന് കേന്ദ്ര സർക്കാരിന് ലഭിക്കുന്ന വരുമാനം കൂടുകയും ചെയ്യുന്നുണ്ട്. എന്നാൽ ഉല്പാദനത്തിനനുസരിച്ചുള്ള കേന്ദ്ര വിഹിതം സംസ്ഥാനത്തിന് ലഭിക്കുന്നില്ല. 1992 -നുശേഷം അരിവിഹിതം നിരന്തരമായി കുറയാനുള്ള കാരണം കേന്ദ്ര സർക്കാർ തുടർന്നു വരുന്ന തെറ്റായ സാമ്പത്തിക നയമാണ്. ഗോഡൗണുകളിൽ ശേഖരിക്കപ്പെടുന്ന ഭക്ഷ്യധാന്യം വിലകുറച്ച് റേഷൻ കടകളിലൂടെ ജനങ്ങളിലേയ്ക്ക് എത്തണമെങ്കിൽ കേന്ദ്ര സർക്കാർ സബ്സിഡി നൽകണം. സബ്സിഡി നിഷേധിക്കുന്ന സാമ്പത്തികനയം ചർച്ച ചെയ്യപ്പെടണം. ഭക്ഷ്യധാന്യ സബ്സിഡി വർദ്ധിപ്പിക്കുന്നതിനും റീട്ടെയിൽ രംഗത്തെ അഴിമതി അവസാനിപ്പിക്കുന്നതിനും നടപടിയെടുക്കണം. ബാങ്കുകൾവഴി സബ്സിഡി നൽകുന്നതിനുള്ള തീരുമാനം പിൻവലിക്കണം.

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: പ്രമേയത്തെ എതിർക്കുന്നു. ഗോഡൗകളുടെ സംഭരണശേഷി വർദ്ധിപ്പിക്കുന്നതിന് നടപടിയെടുക്കണം. മൊബൈൽ എ.ടി.എം. ഏർപ്പെടുത്തിക്കൊണ്ട് സബ്സിഡി സാധാരണക്കാരന്റെ കൈകളിലെത്തിക്കണം. സംസ്ഥാനത്തിന് അർഹതപ്പെട്ട അരിവിഹിതം നേടിയെടുക്കാൻ നടപടി സ്വീകരിക്കണം.

ചീഫ് വിപ്പ് (ശ്രീ. പി.സി. ജോർജ്): ഭക്ഷ്യധാന്യങ്ങളുടെ വിലവർദ്ധനവ് നിയന്ത്രിക്കാനും പൂഴ്ത്തിവയ്പ് തടയാനും നടപടി സ്വീകരിക്കണം.

ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്): ഈ പ്രമേയം അംഗീകരിക്കാൻ നിവൃത്തിയില്ല. അരിയുടെ ലിഫ്റ്റിംഗ് വർദ്ധിച്ചതിനനുസരിച്ച് കേന്ദ്രവിഹിതത്തിൽ വർദ്ധനവുണ്ടായിട്ടുണ്ട്. വിപണിയിലെ ഇടപെടൽമൂലം വിലക്കയറ്റം നിയന്ത്രണവിധേയമാക്കാൻ സാധിച്ചിട്ടുണ്ട്. മുളങ്കുന്നത്തുകാവ്

ഗോഡൗണിൽ സൂക്ഷിച്ചിരുന്ന ഭക്ഷ്യയോഗ്യമല്ലാതായ 1.5 ടൺ അരിയാണ് നശിപ്പിച്ചുകളഞ്ഞത്. വിശദമായ ചർച്ചകളുടെ അടിസ്ഥാനത്തിൽ മാത്രമേ ഭക്ഷ്യസബ്സിഡി ബാങ്ക് അക്കൗണ്ടിലേയ്ക്ക് മാറ്റുന്നതു സംബന്ധിച്ച് തീരുമാനമെടുക്കുകയുള്ളൂ.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ശ്രീ. വി. എസ്. സുനിൽകുമാർ അവതരിപ്പിച്ച പ്രമേയം

16 നെതിരെ 48 വോട്ടുകളോടെ പ്രമേയം സഭ നിരാകരിച്ചു.

2. സമഗ്ര പരിസ്ഥിതി നയം

ശ്രീ. ടി. എൻ. പ്രതാപൻ: 2001-ൽ നിയമസഭ പാസ്സാക്കിയ ' കേരള നദീതീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും നിയമം' കാര്യക്ഷമമായി നടപ്പിലാക്കുന്നതിൽ ഉണ്ടാകുന്ന വീഴ്ച പൊതു സമൂഹത്തിൽ വലിയ ആശങ്ക ഉയർത്തിയിട്ടുണ്ട്. അനധികൃത മണൽ വാരൽ തടയുന്നതിന് സർക്കാർ ആത്മാർത്ഥമായി ശ്രമിച്ചിട്ടും സർക്കാർ സംവിധാനങ്ങളെ അട്ടിമറിച്ചുകൊണ്ട് മണൽ മാഫിയ നടത്തുന്ന ശക്തമായ പ്രവർത്തനങ്ങൾ ഗുരുതരമായ പാരിസ്ഥിതിക - സാമൂഹിക പ്രശ്നങ്ങൾ സൃഷ്ടിക്കുകയും ഇതുമൂലം കുടിവെള്ളക്ഷാമവും കാർഷിക മേഖലയിലെ ജലദൗർലഭ്യവും പാവപ്പെട്ടവർക്കും സാധാരണക്കാർക്കും നിർമ്മാണാവശ്യത്തിനായി ചുരുങ്ങിയ നിരക്കിൽ മണൽ ലഭിക്കാത്ത ദുരവസ്ഥയും നാൾക്കുനാൾ വർദ്ധിച്ചു വരികയുമാണ്.

പുഴകൾ ഉൾപ്പടെയുള്ള ജലസ്രോതസ്സുകളുടെ സംരക്ഷണം ഉറപ്പാക്കിയും പാരിസ്ഥിതികമായ സന്തുലിതാവസ്ഥ ഉറപ്പുവരുത്തിയും നദികളിൽ നിന്ന് എടുക്കാവുന്ന മണലിന്റെ അളവ് ശാസ്ത്രീയമായി തിട്ടപ്പെടുത്തിയും അധികമായി വേണ്ടിവരുന്ന മണൽ ലഭ്യമായ മറ്റു സംസ്ഥാനങ്ങളിൽ നിന്ന് കൊണ്ടുവരുന്നതിനുള്ള സാധ്യതകൾ പ്രയോജനപ്പെടുത്തിയും മണൽ വിതരണ രംഗത്തെ ചൂഷണവും മാഫിയാവൽക്കരണവും ഒഴിവാക്കിയും നിർമ്മാണ മേഖല മണൽ ദൗർലഭ്യംമൂലം സ്തംഭിക്കാതിരിക്കുന്നതിന് സർക്കാർ ഈ രംഗത്ത് അടിയന്തിര ഇടപെടൽ നടത്തേണ്ടത് അനിവാര്യമാണ്.

ആയതിനാൽ, നിലവിലുള്ള പ്രശ്നങ്ങൾ പഠിക്കുന്നതിനും ശാസ്ത്രീയമായ പരിഹാരം നിർദ്ദേശിക്കുന്നതിനുമായി ഈ മേഖലയിലെ വിദഗ്ദ്ധരും പരിസ്ഥിതിപ്രവർത്തകരും ജനപ്രതിനിധികളും ഉന്നത ഉദ്യോഗസ്ഥരും അടങ്ങിയ ഒരു വിദഗ്ദ്ധ സമിതിയെ അടിയന്തിരമായി നിയോഗിച്ച് സമയബന്ധിതമായി പഠന റിപ്പോർട്ട് തയ്യാറാക്കി കാര്യക്ഷമമായി നടപ്പാക്കണമെന്നും ഭാവി തലമുറക്ക് വേണ്ടി കരുതിവയ്ക്കാനുള്ള മണ്ണും ജലവും വായുവും ജീവജാലങ്ങളുമെല്ലാം സംരക്ഷിക്കപ്പെടേണ്ടതിന്റെ പ്രാധാന്യം കണക്കിലെടുത്ത് സംസ്ഥാനത്ത് ഒരു സമഗ്ര പരിസ്ഥിതിനയം രൂപീകരിക്കണമെന്നും ഈ സഭ സംസ്ഥാന സർക്കാരിനോട് അഭ്യർത്ഥിക്കുന്നു എന്ന പ്രമേയം അവതരിപ്പിക്കുന്നു.

ശ്രീ. സി.പി. മുഹമ്മദ്: പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. ടി. എൻ. പ്രതാപൻ: മണൽ വാരൽ ഇന്ന് ഒരു പാരിസ്ഥിതിക പ്രശ്നമായി മാറിയിരിക്കുകയാണ്. അമിതമായ മണൽവാരൽമൂലം എല്ലാ

നദികളും മരണാവസ്ഥയിൽ എത്തിയിരിക്കുകയാണ്. നദികളെ സംരക്ഷിക്കാൻ കഴിയണം. മണൽ വാരലിനും നദികളെ മലീമസമാക്കുന്നതിനും എതിരായി ഇപ്പോൾ നിയമങ്ങളുണ്ടെങ്കിലും അവ ഫലപ്രദമാകുന്നില്ല. ഈ രംഗത്ത് നിലനിൽക്കുന്ന ഉദ്യോഗസ്ഥ മാഫിയാ കൂട്ടുകെട്ട് അവസാനിപ്പിക്കാൻ നടപടി സ്വീകരിക്കണം. നദികളിൽനിന്നും ഏത് അളവു വരെ മണൽ എടുക്കാൻ സാധിക്കുമെന്ന ശാസ്ത്രീയ നിഗമനം നടത്തുന്നതിന് ഒരു വിദഗ്ദ്ധ സമിതിയെ നിയമിക്കണം. ഈ പ്രമേയം ഐകകണ്ഠ്യേന അംഗീകരിക്കണം.

ശ്രീ. വി.ഡി. സതീശൻ: പ്രമേയത്തെ പിന്താങ്ങുന്നു. കേരള നദീതട സംരക്ഷണവും മണൽവാരൽ നിയന്ത്രണവും നിയമം കാര്യക്ഷമമായി നടപ്പിലാക്കാൻ നടപടി സ്വീകരിക്കണം. അനിയന്ത്രിതമായ മണൽവാരൽ മൂലം വെള്ളത്തിന്റെ ഒഴുക്ക് നിലക്കുകയും പാരിസ്ഥിതിക പ്രശ്നങ്ങളും ജലക്ഷാമവും ഉണ്ടാവുകയും ചെയ്യുന്നതിന് പരിഹാരം കാണണം.

(ചർച്ച തുടരും)

## അവകാശലംഘന പ്രശ്നങ്ങൾ

**അനുമതി നിഷേധിച്ചവ**

മി. സ്പീക്കർ: ശ്രീ. വി.എസ്. സുനിൽകുമാർ ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രിക്കെതിരെയും ശ്രീമതി ഇ.എസ്. ബിജിമോൾ ശ്രീ. വി.റ്റി. ബൽറാമിനെതിരെയും ശ്രീ. വി. ചെന്താമരാക്ഷൻ മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രിക്കും ചീഫ് വിപ്പിനുമെതിരെയും ശ്രീ. പി. ശ്രീരാമകൃഷ്ണൻ വിദ്യാഭ്യാസ മന്ത്രിക്കെതിരെയും നൽകിയ അവകാശലംഘന നോട്ടീസുകൾക്ക് അനുമതി നിഷേധിച്ചു.

<u>പരിഗണനയിലിരിക്കുന്നവ</u>

<u>മി. സ്പീക്കർ:</u> സർവ്വശ്രീ കോടിയേരി ബാലകൃഷ്ണൻ, എസ്. ശർമ്മ, ആർ. രാജേഷ്, ബെന്നി ബെഹനാൻ, കെ. ദാസൻ, എം.എ. ബേബി, വി.എസ്. സുനിൽ കുമാർ, കെ. മുരളീധരൻ, എസ്. രാജേന്ദ്രൻ, സി.പി. മുഹമ്മദ്, സി. ദിവാകരൻ,. ജി. സുധാകരൻ, ബി. സത്യൻ, കെ.എം. ഷാജി, ടി.വി. രാജേഷ്, പി.ടി.എ. റഹീം, വി. ശിവൻകുട്ടി, കെ.എൻ.എ. ഖാദർ, കെ. അജിത്ത്, ജി.എസ്. ജയലാൽ ശ്രീമതി കെ. കെ. ലതിക എന്നിവർ നൽകിയ അവകാശ ലംഘന നോട്ടീസുകൾ ചെയറിന്റെ പരിഗണനയിലാണ്.

<u>സഭ അനിശ്ചിതകാലത്തേക്ക് പിരിയുന്നത് സംബന്ധിച്ച്</u>

മുഖ്യമന്ത്രി <u>(ശ്രീ. ഉമ്മൻ ചാണ്ടി):</u> മറ്റ് അത്യാവശ്യ ബിസിനസ്സുകളൊന്നുമില്ലാത്തതിനാൽ സഭ അനിശ്ചിത കാലത്തേയ്ക്ക് പിരിയാവുന്നതാണ്.

(പതിമൂന്നാം കേരള നിയമസഭയുടെ ആറാം സമ്മേളനത്തിൽ സഭാ നടപടികളെ സംബന്ധിച്ചും സഭ പരിഗണിച്ച വിഷയങ്ങളെ സംബന്ധിച്ചും ബഹുമാനപ്പെട്ട സ്പീക്കർ സംക്ഷിപ്ത വിവരണം നടത്തുകയും നടപ്പു സമ്മേളനം വിജയകരമായി പൂർത്തീകരിക്കുന്നതിന് സഹകരിച്ച എല്ലാവർക്കും നന്ദി രേഖപ്പെടുത്തുകയും ചെയ്തു).

സഭ ഉച്ചയ്ക്ക് ശേഷം 12.30-ന് അനിശ്ചിതകാലത്തേക്ക് പിരിഞ്ഞു.

*******